# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
## കോട്ടയം-686004

PCK/SAL-F-200/ 30.03.2019

## ദർഘാസ് - പരസ്യം നം 26/2018-19-വ്യവസ്ഥകൾ

പ്ളാന്റേഷൻ കോർപ്പറേഷന്റെ താഴെപ്പറയുന്ന ഫാക്ടറികളിൽ ശേഖരിച്ചിട്ടുള്ള വിവിധ യിനം റബർ ക്വാട്ടേഷൻ മുഖേന (E-Tender) വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു.

| Item | Year & Month of Manufacturing | PCK Latex Factory (MT)(KOD) | Kallala Factory (MT) | TSR Factory (MT) | Total (MT) |
|---|---|---|---|---|---|
| Pit Recovery | up to(2.19) | 88.900 | 6.000 | | 94.900 |
| Pit Recovery | up to(2.19) | | | | 0.000 |
| Off quality latex lump | up to(2.19) | 16.200 | | | 16.200 |
| Off quality latex lump lot 1 | up to(2.19) | | 16.000 | | 16.000 |
| Off quality latex lump lot 2 | up to(2.19) | | 10.000 | | 10.000 |
| Off quality skim lump | up to(2.19) | | 3.000 | | 3.000 |
| Milling waste | up to(2.19) | 0.250 | 1.000 | 8.000(till 03.04.19) | 9.250 |
| TOTAL | | 105.350 | 36.000 | 8.000 | 149.350 |

1. രജിസ്റ്റേർഡ് റബർ വ്യാപാരികൾക്കും റബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും മാത്രമെ ലേലത്തിൽ പങ്കെടുക്കുവാൻ യോഗ്യതയുള്ളു. നിരത ദ്രവ്യമായി 10,000 / രൂപാ കോർപറേഷനിൽ കെട്ടിവക്കുന്നവർക്കു മാത്രമേ ടെൻഡറിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. ദർഘാസ് സമർപ്പിക്കുന്നവർ ഒരു മെ:.ടണ്ണിനുള്ള വിലയാണ് കാണി ച്ചിരിക്കേണ്ടത്. ക്വാട്ടേഷനുകൾ കോർപറേഷന്റെ വെമ്പ് സൈറ്റിൽ (**www.pcklimited.in**) **03.04.2019-നു 11.30 -AM നു മുമ്പ് ജനറൽ മാനേജർക്ക് ലഭിക്കത്തക്കവണ്ണം അപ്ലോഡ്ചെയ്യാവുന്നതാണ്. മെമ്പർ ലോഗിൻ വിവരങ്ങൾ പി സി കെ യുടെ ഓഫീസിൽ നിന്നും നൽകുന്നതാണ്.** പ്രസ്തുത ദിവസം ഹർത്താൽ, പൊതു അവധി, മറ്റ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവ്യത്തി ദിവസം നടത്തുന്നതായിരിക്കാം.
2. ടെണ്ടറിൽ പങ്കെടുക്കുന്നവർ ഏററവും ചുരുങ്ങിയത് 8 മെ:ടൺ അല്ലെങ്കിൽ മൊത്തം കാണിച്ചിരിക്കുന്ന തൂക്കത്തിന്റെ 25 ശതമാനമോ ഏതാണ് കൂടുതൽ എന്നുവച്ചാൽ ആ തൂക്കം എടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. ടെണ്ടറിൽ റബ്ബറിന്റെ തൂക്കം രേഖപ്പെടുത്താ ത്തപക്ഷം ടെൻഡർ നോട്ടീസിൽ കാണിച്ചിരിക്കുന്ന മുഴുവൻ തൂക്കം റബ്ബറും ഉറപ്പിക്ക പ്പെടുന്ന നിരക്കിൽ തന്നെ എടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കും.
3. ടെണ്ടറിൽ പങ്കെടുക്കുന്നവർ അതാതു ഫാക്ടറികളിൽ പോയി ഓരോ ഇനങ്ങളുടെ തൂക്കവും, ഗുണനിലവാരവും മറ്റും നേരിട്ടു കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ടെൻണ്ടർ സമർപ്പിച്ചതിനുശേഷം ഇതിനെ സംബന്ധിച്ച് ഉന്നയിക്കുന്ന യാതൊരു അവകാശ വാദ ങ്ങളും പരിഗണിക്കുന്നതല്ല.
4. എല്ലാ ഇനങ്ങളുടേയും വില്പന സ്ളഡ്ജ് ഒഴികെ ഡി.ആർ.സി. അടിസ്ഥാനത്തിൽ ആയിരിക്കും.
5. ഡി.ആർ.സി. കോർപ്പറേഷന്റെ ലാബിൽ ടെസ്റ്റ് ചെയ്യുന്നതും ആയത് അന്തിമമായിരിക്കുന്നതുമാണ്.

(തുടർച്ച.....2)

6. ടെണ്ടർ ഉറപ്പിച്ച ദിവസത്തിനു 15 ദിവസം കഴിഞ്ഞ് കോർപറേഷനിൽ പണം അടയ്ക്കുന്നവർ 25% പലിശ അടയ്ക്കേണ്ടതാണ്.

7. ടെണ്ടർ ഉറപ്പിച്ച് 15 ദിവസത്തിനകം പണമടയ്ക്കുന്നവർ 16 ാം ദിവസം മുതൽ 3 ദിവസത്തിനകവും, അതിനു ശേഷം പണമടയ്ക്കുന്നവർ പണം അടച്ച ദിവസം മുതൽ 3 ദിവസത്തിനകവും ഡലിവറി എടുക്കേണ്ടതാണ്. മേൽ വിവരിച്ച ദിവസത്തിനുശേഷം ഡലിവറി എടുക്കുന്നവർ ഒരു മാസം വരെയുള്ള കാലയളവിനു രണ്ടു ശതമാനം എന്ന നിരക്കിൽ പിഴ അടയ്ക്കേണ്ടതാണ്.
8. ടെണ്ടർ അംഗീകരിച്ച് 10 ദിവസംവരെ അംഗീകരിച്ച നിരക്ക് പ്രാബല്യത്തിൽ ഇരിക്കുന്നതും, അതിനുശേഷം പണം അടയ്ക്കുന്ന ദിവസം ആർ.എസ്.എസ്.5-ന്റെ വിലയിലുള്ള വർദ്ധനവ് കണക്കിലെടുത്ത് നിരക്ക് വർദ്ധിപ്പിക്കുകയും, വർദ്ധനവ് ഇല്ലെങ്കിൽ അംഗീകരിച്ച നിരക്കിൽ പണം ഈടാക്കുന്നതുമാണ്.
9. ക്വാട്ടേഷനുകൾ ലേലദിവസം തന്നെ 11.30 മണിക്കുശേഷം തുറക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.
10. ടെണ്ടർ അംഗീകരിച്ച് 21 ദിവസത്തിനകം അതിൻപ്രകാരമുള്ള മുഴുവൻ തുകയും അടയ്ക്കാത്തപക്ഷം മാനേജുമെന്റിന് നടപടിയെടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്. തൻമൂലം എന്തെങ്കിലും നഷ്ടമുണ്ടാകുന്നപക്ഷം ടി തുക വീഴ്ച്ചവരുത്തിയ ടെണ്ടറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.
11. ടെണ്ടറിൽ ൽ പങ്കെടുത്ത് വില എഴുതിയതിനുശേഷം കരാറുകാരൻ സ്വമേധയാ അതിൽ നിന്നും പിൻമാറുവാൻ പാടുള്ളതല്ല.
12. കരാറുകാരൻ ബില്ലുകൾ പ്രകാരം ഏതെങ്കിലും തുക കോർപ്പറേഷനിലേയ്ക്ക് അടയ്ക്കുവാനുണ്ടെങ്കിൽ ആയത് ഒറിജിനൽ ബില്ല് കൈപ്പററി പതിനഞ്ച് ദിവസങ്ങൾക്കകം കോർപ്പറേഷനിൽ അടയ്ക്കേണ്ടതും, ആയതിന് വീഴ്ചവരുത്തിയാൽ നിയമപരമായ മേൽനടപടി സ്വീകരിക്കുവാൻ കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
13. മുകളിൽ കാണിച്ചിരിക്കുന്ന ഇനങ്ങളുടെ തൂക്കം ഏകദേശ തൂക്കമാണ്. പിന്നീട് ഏതെങ്കിലും ഇനം കൂടുതൽ ലഭ്യമാണെങ്കിൽ ആ വിവരം ലേല സമയത്ത് പ്രഖ്യാപിക്കുന്നതാണ്.
14. ഏതൊരു വാഗ്ദാനവും, യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പരമാധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.
15. ടെണ്ടർ വ്യവസ്ഥകൾ കൂടാതെ ടെണ്ടർ സമർപ്പിക്കുന്നയാൾ നിബന്ധനകളോ നിർദേശങ്ങളോ ആയി സ്വമേധയാ അച്ചടിച്ചോ അല്ലാതയോ ടെണ്ടറിനൊപ്പമോ അല്ലാതെയോ സമർപ്പിക്കുന്നതായ കാര്യങ്ങൾ കോർപ്പറേഷൻ അംഗീകരിക്കുന്നതോ കോർപ്പറേഷനെ ബാധിക്കുന്നതോ അല്ലാത്തതായിരിക്കും.
16. ടെണ്ടർ സമർപ്പിക്കുന്ന ആൾ/ സ്ഥാപനം ടെണ്ടർ വ്യവസ്ഥകൾ പൂർണ്ണമായി വായിച്ചു മനസിലാക്കി അംഗീകരിച്ചു കൊണ്ടാണ് ടെണ്ടർ സമർപ്പിക്കുന്നതെന്നും ടെണ്ടർ നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതെന്നും കണക്കാക്കുന്നതും ടി ടെണ്ടറിൽ തുടർനടപടിക്രമങ്ങൾ സ്വീകരിക്കുന്നതുമാണ്.
17. GST പ്രകാരമുള്ള എല്ലാ നികുതികളും ബാധകമായിരിക്കും.

Sd/-

**ജനറൽ മാനേജർ** (C)i/c

കോട്ടയം
30.03.2019

വ്യവസ്ഥകൾ സമ്മതിച്ചിരിക്കുന്നു.
ടെണ്ടറിൽ പങ്കെടുക്കുന്ന ആളിന്റെ ഒപ്പ്.